# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

# Towards Progress

## വെട്ടിക്കാനം കെ സി എം എൽ പി സ്കൂൾ
## കൂട്ടിക്കൽ

| | | |
|---|---|---|
| ജില്ലാ | : | കോട്ടയം |
| വിദ്യാഭ്യസ ജില്ലാ | : | കാഞ്ഞിരപ്പള്ളി |
| വിദ്യാഭ്യാസ ഉപജില്ലാ | : | ഈരാറ്റുപേട്ട |
| സ്ഥാപിത വർഷം | : | 1928 |

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യം
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- നിലവിലെ അവസ്ഥ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- ഉപസംഹാരം

# ആമുഖം

ഓരോ സ്കൂളിനും അതിന്റെ

വിജയപഥത്തിൽ എത്തിച്ചേരുന്നതിനു വ്യക്തമായ ആസൂത്രണം അനിവാര്യമാണ്. നല്ല ഒരു ആസൂത്രണം ഉണ്ടെങ്കിൽ നമ്മുടെ കർമ്മപരിപാടികൾ അതിന്റെ വിജയത്തിൽ എത്തും . ഈ ചിന്തയുടെ അടിസ്ഥാനത്തിൽ ആണ് സ്കൂൾ തല , ക്ലാസ് തല , വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ നമ്മൾ തയ്യാറാക്കുന്നത്. സ്കൂൾ തല മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക നിലപാടും വിഭവവിനിയോഗവും പ്രവർത്തന പരിപാടികളും ഉൾകൊള്ളുന്നു . എന്നാൽ ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രവർത്തികമാകേണ്ടതുണ്ട്. അതിനാലാണ് ക്ലാസ് തല മാസ്റ്റർ പ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർപ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്. അടുത്ത മൂന്നു വർഷത്തിനിടയിൽ വിദ്യാലയത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഗുണമേന്മയുള്ള പ്രവർത്തനങ്ങളുടെ രൂപരേഖയാണിത്. ഈ വികസന പദ്ധതി സഫലീകരിക്കുന്നതിനു ഏവരുടെയും കൂട്ടായ പരിശ്രമവും സഹകരണവും അഭ്യർഥിച്ചുകൊണ്ട് ഈ രൂപരേഖ സമർപ്പിക്കുന്നു

# ലക്ഷ്യം

- കുട്ടികളിൽ സമഗ്രവും ഗുണമേന്മയുള്ളതും ആയ വിദ്യാഭ്യസം ഉറപ്പാക്കി സ്കൂളിനെ പൊതു സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ച മികവിന്റെ കേന്ദ്രമായി മാറ്റുക

- കുട്ടിയുടെ മികവുകൾ കേവലം ക്ലാസ് തലത്തിൽ മാത്രം ഒതുക്കിനിർത്താതെ കുട്ടികളിലെ എല്ലാത്തരം കഴിവുകളും വികസിപ്പിക്കുന്നതിന് അവസരം നൽകുക

- കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക

- ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ആശയങ്ങളും , ധാരണകളും , ശേഷികളും നേടിനുണ്ട് എന്ന് ഉറപ്പുവരുത്തുക .

- **ലഹരി വസ്തുക്കൾക്കെതിരെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഉള്ള ശേഷിനേടുക**

# വിദ്യാലയ ചരിത്രം



കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെ ഈരാറ്റുപേട്ട ഉപജില്ലയിലെ കുട്ടിക്കൽ സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് കെ സി എം എൽ പി എസ് വെട്ടിക്കാനം . ശ്രീ കെ വി സഖറിയാസ് സ്വന്തമായി പണികഴിപ്പിച്ചായിരുന്നു സ്കൂൾ കെട്ടിടം . ഡോ . ജെയിംസ് കാളാശ്ശേരി കോൺസിക്രഷൻ മെമ്മോറിയൽ ആയി ഈ സ്കൂൾ സ്ഥാപിച്ചിരിക്കുന്നത് . അന്നത്തെ വികാരിയും സ്കൂൾ മാനേജരും റവ ഫാ ഗീർവർഗീസ് ചെറുശേരിയിൽ ആയിരുന്നു . അന്ന് കൈക്കാരനായിരുന്ന കെ വി വർക്കി പൊട്ടൻകുളം , തെക്കേക്കര ചാണ്ടി ഔസേപ്പ് എന്നിവർ ഈ സ്കൂളിന്റെ വികസനത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട് . വിജ്ഞാനത്തിന്റെ വെള്ളി വിളക്ക് കുട്ടിക്കൽ പ്രദേശത്ത് കത്തിച്ചു വച്ച നമ്മുടെ പൂർവികരെ നമുക്ക് നന്ദിയോടെ സ്മരിക്കാം

ഒന്ന് മുതൽ നാലു വരെ ക്ലാസുകളിലായി 8 അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു . ഏകദേശം 120 കുട്ടികൾ ഈ വർഷം ഇവിടെ പഠിക്കുന്നു . കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പഠനത്തോടൊപ്പം യോഗ , കരാട്ടെ ,മ്യൂസിക് ,ഡാൻസ് പോലുള്ള പഠ്യേതര പ്രവർത്തനങ്ങളും ഇവിടെ നടത്തപ്പെടുന്നു . കുട്ടിക്കൽ ഗ്രാമവാസികളുടെ അക്ഷര ദീപമായി കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം വെളിച്ചം വിതറിയ കെ സി എം എൽ പി സ്കൂൾ വെട്ടിക്കാനം തന്റെ നേട്ടങ്ങളുടെ തേരോട്ടം തുടരുകയാണ് . ഏതാണ്ട് 60 കുട്ടികൾ ഓരോ വർഷവും പഠിച്ചിറങ്ങുന്ന ഈ കലാലയത്തിൽ നൽകി വരുന്ന പരിശീലനം പ്രധാനമായും ലക്ഷ്യം വക്കുന്നത് അക്കാദമിക മേഖലയിലാണ് . ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ ഓരോ കുട്ടിയും കൈവരിക്കേണ്ട പഠന പുരോഗതി ആർജിക്കാൻ കഴിയുന്ന തരത്തിൽ ഇവിടുത്തെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകർ നിതാന്ത ജാഗ്രത പുലർത്തുന്നു .

## അക്കാദമിക രംഗം

സ്കൂളിന്റെ പ്രാരംഭ കാലഘട്ടത്തിൽ ഉള്ളതിനേക്കാൾ ഉയർന്ന വിജയശതമാനമാണ് എൽ എസ് എസ് പരീക്ഷയിൽ നേടാൻ സാധിച്ചത് . സ്കൂൾ ഭൗതിക സാഹചര്യങ്ങൾ ,കഠിന പരിശ്രമം ചെയ്യുന്ന അധ്യാപകർ , രക്ഷിതാക്കളുടെ താല്പര്യം എന്നിവയെല്ലാം ഇതിന് കാരണമായി

## അധ്യാപകരുടെ സ്ഥിതിവിവരം

| നിയമന സ്വഭാവം | എണ്ണം |
|---|---|
| സ്ഥിരം | 8 |
| മറ്റുള്ളവർ | 0 |
| ആകെ | 8 |

## അധ്യാപക വിവരങ്ങൾ

- സി പ്രസില്ല പി അലക്സാണ്ടർ HM
- സി മരിയ ഫ്രാൻസീസ് LPST
- ശ്രീ ടോം ബെന്നി LPST
- ശ്രീമതി അനിമോൾ ചെറിയാൻ LPST
- ശ്രീമതി നീതു ജോസ് LPST
- ശ്രീമതി മിനിമോൾ മാത്യു LPST
- ശ്രീ ജോൺസ് എം ജോസ് LPST

| അധ്യാപകർ | ചുമതല |
|---|---|
| ◆ സി പ്രസില്ല പി അലക്സാണ്ടർ - | HM |
| ◆ സി മരിയ ഫ്രാൻസീസ് | കലാമത്സരങ്ങൾ , ആരോഗ്യ ക്ലബ് |
| ◆ ശ്രീ ടോം ബെന്നി | പ്രവർത്തിപരിചയ മേള , വിദ്യാരംഗം |
| ◆ ശ്രീമതി അനിമോൾ ചെറിയാൻ | എസ് ആർ ജി കൺവീനർ , |
| ◆ ശ്രീമതി നീതു ജോ | സ്റ്റാഫ് സെക്രട്ടറി , സുരക്ഷാ ക്ലബ് |
| ◆ ശ്രീമതി മിനിമോൾ മാത്യു | ഉച്ചഭക്ഷണ ചുമതല , ശാസ്ത്രം |
| ◆ ശ്രീ ജോൺസ് എം ജോസ് | ഗണിതം , PSITC |

## കുട്ടികളുടെ വിവരങ്ങൾ

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1 | 12 | 10 | 22 |
| 2 | 17 | 15 | 32 |
| 3 | 16 | 18 | 34 |
| 4 | 19 | 14 | 33 |
| ആകെ | 64 | 57 | 121 |

## സ്കൂൾ മോണിറ്ററിങ് സംവിധാനം

- ദൈനംദിന കാര്യങ്ങളിൽ അധ്യാപകർ പ്രഥമ അധ്യാപരുമായി കൂടിയോചിച്ചു തീരുമാനം എടുക്കുന്നു . എല്ലാവരും പ്രഥമാധ്യാപകന്റെ നിർദേശം പാലിക്കുന്നു .
- അധ്യാപകർക്ക് വിവിധ പ്രവർത്തനങ്ങളുടെ ചുമതല നൽകാറുണ്ട് . അത് ആവിശ്യാനുസരണം സമയ ബന്ധിതമായി അധ്യാപക കൂട്ടായ്മലൂടെ നടപ്പാക്കുന്ന രീതിയാണ് നടക്കുന്നത് .

- പ്രവർത്തനത്തിന്റെ നടപ്പാക്കൽ മികവ് പ്രഥമാധ്യാപകൻ വിലയിരുത്താറുണ്ട് . കുട്ടികളുടെ പഠന നിലവാരം ടെം മൂല്യനിർണയത്തിന്റെ ഗ്രേഡുകൾ പരിശോധിച്ചു വിലയിരുത്തും . ഈ മേഖലയിലെ പ്രഥമാധ്യാപകന്റെ സഹായം വളരെ കൂടുതൽ ആണ് . സ്റ്റാഫ് മീറ്റിങ് , എസ് ആർ ജി യോഗത്തിൽ എല്ലാം ചർച്ച ചെയ്യും

## നേട്ടങ്ങളും  പുരസ്കാരങ്ങളും

ഭൗതിക സൗകര്യങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും മികച്ച സ്ഥാനം കൈവരിയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് . മാനേജ്മെന്റ് കമ്മറ്റി , പഞ്ചായത്ത് എന്നിവ ഭൗതിക വികസനത്തിന് എല്ലാ വിധ സഹകരണവും നൽകുന്നുണ്ട് . പുതിയ കെട്ടിട ശുചിമുറി , അടുക്കള തുങ്ങിയവ കൃത്യമായായി ഒരുക്കി തന്ന പഞ്ചായത്തിന്റെ പ്രവർത്തനം വിസ്മരിയ്ക്കാൻ വയ്യ . പരീക്ഷയിൽ മികച്ച വിജയം നേടാൻ നമ്മുക്ക് സാധിച്ചു . കൂടാതെ കലാ കായിക പ്രവർത്തി പരിചയ മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാനും അതുവഴി മികച്ച വിജയം നേടാനും നമ്മുടെ സ്കൂളിന് സാധിച്ചു .

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ശേഷികൾ നേടുക | പ്രീ ടെസ്റ്റ് പ്രവർത്തങ്ങളിലൂടെ ചിഹ്നങ്ങൾ ഉറപ്പിക്കുന്ന പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | കുട്ടികൾ , അധ്യാപകർ രക്ഷിതാക്കൾ |
| ലേഖന പ്രവർത്തനങ്ങൾ | വാർത്ത എഴുതൽ കടംകഥ ശേഖരണം വായനകുറിപ്പ് , വിവരണം എന്നിവ തയ്യാറാക്കൽ | ജൂൺ മാർച്ച് | കുട്ടികൾ , അധ്യാപകർ രക്ഷിതാക്കൾ |
| വായന പ്രവർത്തനം | പത്ര വായന പ്രതിജ്ഞ ചൊല്ലൽ സ്കൂൾ അസ്സംബ്ലിയിൽ വിവിധ പ്രവർത്തനങ്ങൾ | ജൂൺ മാർച്ച് | |
| സർഗാത്മക പ്രവർത്തനങ്ങൾ | പതിപ്പ് തയ്യാറാക്കുന്നു സർഗ്ഗ വേള ഫലപ്രദമാക്കുന്നു | ജൂൺ മാർച്ച് | |

# English

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| English Assembly | News Reading<br>Pledge<br>Say a Story in English | June - March | Children |
| English Day | Selects one of the days as<br>English day<br><br>• All the communications should be in English in that day | Once in a week | Children |
| to ensure<br>the creativity of<br>the children | • Exhibit a bullettin board.<br><br>• Asks them to paste their own works on that.<br><br>• Encourage them to donate an English Book<br>on their birth day.<br><br>• Develops an English library | Once in a Week | Children |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം നൽകൽ | ജൈവവൈവിധ്യ ഉദ്യാനം , ഔഷധ തോട്ട നിർമ്മാണം , വിവിധ തറ തൈകൾ വച്ച് പിടിക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ , കുട്ടികൾ |
| ശാസ്ത്രാഭിരുചി വളർത്തുക | ലഘു പരീക്ഷണങ്ങൾ , ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ , ശാസ്ത്രജ്ഞമാരെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ , കുട്ടികൾ |
| പരിസര ശുചിത്വം , ഡ്രൈ ഡേ ദിനാചരണം | ആഴ്ചയിൽ ഒരിക്കൽ പരിസരം വൃത്തിയാക്കുന്നു . വെയ്സ്റ്റ് കുഴി നിർമ്മിക്കുന്നു ജൈവ അജൈവ മാലിന്യം വേർതിരിക്കുന്നു | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ , കുട്ടികൾ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് സംഖ്യകൾ ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ സംഖ്യ കാർഡ് നൽകൽ സംഖ്യാ ചിത്രങ്ങൾ സ്ഥാനവില ഉറപ്പിക്കൽ അബാക്കസ് ഗണിത കേളി സംഖ്യാ ചക്രങ്ങൾ സംഖ്യാ പാറ്റേൺ നിർമ്മാണം | ജൂൺ - മാർച്ച് | പി ടി എ ക്ലാസ് ടീച്ചർ |
| ഗണിത ക്ലബ് വഴി ഗണിത പഠനം രസകരമാക്കൽ | • ഗണിത പ്രാധാന്യമുള്ള ദിനാചരണങ്ങൾ ആചരിക്കൽ<br>• ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം അസംബ്ലിയിൽ പരിചയപ്പെടുത്തൽ | ജൂലൈ - മാർച്ച് | പ്രഥമാധ്യാപിക എസ് ആർ ജി ഗണിത ക്ലബ് |
| | | | |

# ഉപസംഹാരം

വെട്ടിക്കാനം കെ സി എം എൽ പി സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ വളരെ പ്രതീക്ഷയോടെയാണ് തയ്യാറാക്കിയത് . കുട്ടികൾക്ക് ലഭിക്കുന്ന പുതിയ അറിവുകളും മനോഭാവങ്ങളും ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .ഭിന്ന ശേഷി കുട്ടികൾക്കായി പ്രത്യേകം പ്രവർത്തനങ്ങളും ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു . നമ്മുടേതായ പരിമിതികളിൽ ഉതുങ്ങി നിന്നുകൊണ്ട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങളും ഇതിൽ ചേർത്തിരിക്കുന്നു . സ്കൂൾ വികസനത്തിനായി ഒരു വികസന പ്ലാൻ ഉണ്ടായേ തീരു എന്ന ആവശ്യത്തിൽ നിന്നും ഉദയം കൊണ്ട ഈ മാസ്റ്റർ പ്ലാൻ ഏവർക്കും മുമ്പിൽ സമർപ്പിക്കുന്നു .